നാട്ടിക മണ്ഡലത്തിലെ കൺസ്യൂമർഫെഡ് പാക്കിംഗ് യൂണിറ്റ്

101 (6552) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ കൺസ്യൂമർഫെഡ് പാക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ ; ആയത് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കുമോ ;

(ബി) കൺസ്യൂമർഫെഡ് പാക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ് ലഭ്യമാക്കേണ്ടതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) നാട്ടിക നിയോജകമണ്ഡലത്തിൽ കൺസ്യൂമർ ഫെഡ് പാക്കിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ കൺസ്യൂമർ ഫെഡിന് പൊതുവിൽ പാക്കിംഗ് സെന്റർ ആരംഭിക്കുന്നതിന് പരിഗണിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ താഴെപ്പറയുന്നവയാണ് :

1. നന്മസ്റ്റോറുകളിലേക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള വാഹനസൗകര്യം.
2. നന്മസ്റ്റോറുകളും പാക്കിംഗ് സെന്ററുമായുള്ള ദൂരപരിധി.
3. സാധനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ സൗകര്യം.

നന്മ സ്റ്റോറുകളിലെ സാധനങ്ങളുടെ സബ്സിഡിയും വിറ്റുവരവും

102 (6553) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തിൽ നന്മസ്റ്റോറുകളുടെ വിറ്റുവരവ് എത്രയാണ് ;

(ബി) നന്മസ്റ്റോറുകളിൽ ഏതെല്ലാം സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത് ;

(സി) പൊതുവിപണിയിൽ നിന്നുള്ള വിലവ്യത്യാസം ഓരോന്നിനും എത്രയാണ് ; ഇവ ആവശ്യാനുസരണം ഉപഭോക്താവിന് ലഭിക്കുന്നില്ലായെന്നത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) 2013-14 സാമ്പത്തികവർഷത്തിൽ നന്മസ്റ്റോറുകളിലെ വിറ്റുവരവ് 138,76,24,000 (നൂറ്റിമുപ്പത്തിയെട്ട് കോടി എഴുപത്താറ് ലക്ഷത്തി ഇരുപത്തി നാലായിരം) രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നന്മസ്റ്റോറുകളിൽ താഴെപ്പറയുന്ന 10 ഇനം നിത്യോപയോഗ സാധനങ്ങളാണ് പൊതുവിപണിയേക്കാൾ 20% വരെ സബ്സിഡി നിരക്കിൽ വിപണനം നടത്തുന്നത്.

ക്രമ നമ്പർ	ഇനം
1.	ജയ അരി
2.	കുറുവ അരി
3.	മട്ട അരി
4.	പഞ്ചസാര
5.	പച്ചരി
6.	വെളിച്ചെണ്ണ
7.	മുളക്
8.	പെരുപയർ
9.	ഉഴുന്നുപരിപ്പ്
10.	മല്ലി

(സി) നന്മസ്റ്റോർവഴി വിതരണംചെയ്യുന്ന സാധനങ്ങൾക്ക് പൊതു വിപണിയിൽ നിന്നുള്ള 2014 ജൂലൈ മാസത്തെ വില വ്യത്യാസം താഴെപ്പറയും പ്രകാരമാണ് :

ഇനം	പൊതുവിപണി നിരക്ക്	നന്മ സ്റ്റോറിലെ നിരക്ക്	വിലക്കയറ്റത്തിലെ വ്യത്യാസം (ശതമാനത്തിൽ)
ജയ അരി	34.21	29	15
കുറുവ അരി	33.75	27	20
മട്ട അരി	33.27	27	19
പച്ചരി	26.19	22	16
വെളിച്ചെണ്ണ	157.81	134	15
പഞ്ചസാര	34.92	30	14
പെരുപയർ	87.12	78	10
മുളക്	84.42	76	10
മല്ലി	115.12	104	10
ഉഴുന്നുപരിപ്പ്	77.62	70	10

LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർ ഫെഡറേഷനുണ്ടായ സാമ്പത്തിക പരിമിതികൾമൂലം നിത്യോപയോഗ സാധനങ്ങൾ ആവശ്യാനുസരണം ഉപഭോക്താവിന് എത്തിക്കുന്നതിലുണ്ടായ കുറവുകൾ പരിഹരിക്കുന്നതിനായി എല്ലാ സ്റ്റോറുകളിലും അവശ്യ സാധനങ്ങൾ ലഭ്യമാക്കി നന്മസ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നന്മസ്റ്റോറുകൾ

103 (6554) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര നന്മസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏറിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഓരോ നന്മസ്റ്റോറിലും എത്ര ജീവനക്കാർ വീതമുണ്ടെന്ന് പേരുൾപ്പെടെ വ്യക്തമാക്കാമോ ;

(സി) ജീവനക്കാരുടെ ശമ്പളയിനത്തിൽ ഓരോ മാസവും ഓരോ നന്മസ്റ്റോറിലും എന്തുതുക വീതം ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ നന്മസ്റ്റോറിലും 2013 ഏപ്രിൽ ഒന്നിനുശേഷം ഇതുവരെയുള്ള പ്രതിമാസ വിറ്റുവരവ് എത്രവീതമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 9 നന്മസ്റ്റോറുകളും സഹകരണ സംഘങ്ങൾ നടത്തുന്ന 16 നന്മ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. പട്ടിക അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) സഹകരണ സംഘങ്ങൾ നേരിട്ട് നടത്തുന്ന നന്മസ്റ്റോറുകളിൽ അതാത് സഹകരണ സംഘത്തിലെ ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മസ്റ്റോറുകളിലെ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(സി) സഹകരണ സംഘങ്ങൾ നേരിട്ട് നടത്തുന്ന നന്മസ്റ്റോറുകളിൽ അതാത് സഹകരണ സംഘം ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത് എന്നതിനാൽ ടി ജീവനക്കാരുടെ ശമ്പളം പ്രസ്തുതസംഘവുമായി ബന്ധപ്പെട്ടതാണ്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മസ്റ്റോറുകളിൽ ശമ്പളം, ദിവസവേതനം എന്നീയിനങ്ങളിൽ പ്രതിമാസം ചെലവാകുന്ന ശരാശരി തുകയെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.*

(ഡി) സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മസ്റ്റോറുകളിലെ വിറ്റുവരവ് പ്രസ്തുത സംഘങ്ങളുടെ മൊത്തം വരുമാനത്തിലുൾപ്പെടുത്തി വ്യാപാര കണക്കിന്റെ ഭാഗമാക്കുന്നതിനാൽ പേര് തിരിച്ച് ലഭ്യമാക്കുന്നത് പ്രായോഗികമല്ല. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മസ്റ്റോറുകളിൽ 2013 ഏപ്രിൽ 1-നുശേഷം ഇതുവരെയുള്ള പ്രതിമാസ വിറ്റുവരവിന്റെ വിശദാംശങ്ങൾ അനുബന്ധം IV-ൽ കാണാവുന്നതാണ്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly